**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1021** **24-02-2022 - ൽ മറുപടിയ്ക്ക്**

**വാട്ടർ ചാർജ് ഈടാക്കുന്ന സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ,<br>ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. നജീബ് കാന്തപുരം | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാട്ടർ ചാർജ് ഈടാക്കുന്നതിനുള്ള നിലവിലെ സംവിധാനം വ്യക്തമാക്കാമോ; | (എ) | കോവിഡ് വ്യാപനവും, ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നതിന്റെയും, ബില്ലുകൾ നല്കുന്നതുൾപ്പടെയുള്ള എല്ലാ സേവനങ്ങളും ഓൺലൈൻ ആയി നൽകണമെന്ന സർക്കാർ നിർദ്ദേശത്തിന്റെയും ഭാഗമായി ബില്ലുകൾ sms/ഇ-മെയിൽ മുഖേന നൽകിവരുന്നു. എന്നാൽ പേപ്പർ ബില്ലുകൾ വേണമെന്ന് നിർബന്ധമുള്ളവർക്ക് ബില്ലുകൾ അത്തരത്തിലും നൽകി വരുന്നു. ബിൽ തുക ഓൺലൈൻ ആയോ (NEFT/RTGS , QUICK PAY ആപ്ളിക്കേഷൻ), വാട്ടർ അതോറിറ്റിയുടെ റവന്യൂ കളക്ഷൻ സെൻററുകൾ, അക്ഷയ സെന്റർ, ജന സേവന കേന്ദ്രങ്ങൾ വഴിയോ, ഉപഭോക്താക്കൾക്ക് അതോറിറ്റിയുടെ ഓഫീസുകളിൽ വരാതെ തന്നെ അടയ്ക്കാവുന്നതാണ്. |
| (ബി) | മൊബൈൽ ഫോൺ മുഖേന ബില്ല് നൽകുന്ന നടപടി സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാതിക്കാർ ആവശ്യപ്പെട്ടാൽ പേപ്പർ ബിൽ നൽകുന്നതിന് ബന്ധപ്പെട്ട ഓഫീസുകൾക്കു വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. 2022 ആഗസ്റ്റ് 15 ഓടെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം ആക്കും എന്ന സർക്കാർ പ്രഖ്യാപനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വാട്ടർ അതോറിറ്റിയുടെ എല്ലാ സേവനങ്ങളും ഓൺലൈൻ സംവിധാനത്തിലൂടെ നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ